പത്രപ്രവർത്തകർക്ക് നേരെയുണ്ടായ അതിക്രമങ്ങൾ

109 (1044) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് പത്രപ്രവർത്തകർക്ക് നേരെയുണ്ടായ അതിക്രമങ്ങളിൽ എത്ര കേസെടുത്തിട്ടുണ്ട് ;

(ബി) ഇതിൽ പ്രതി സ്ഥാനത്തുള്ള പോലീസുകാരെത്ര ; രാഷ്ട്രീയക്കാരെത്രയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 62 കേസ്സുകൾ.

(ബി) ഒരു പോലീസ് ഉദ്യോഗസ്ഥനും 113 രാഷ്ട്രീയപ്രവർത്തകരും.

പോലീസുകാരൻ വ്യാജമദ്യം കഴിച്ച് മരിച്ച സംഭവം

110 (1045) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ കമ്പംമേട് പോലീസ് സ്റ്റേഷനിൽ ഒരു പോലീസുകാരൻ വ്യാജമദ്യം, കഴിച്ച് മരിക്കുകയും മൂന്ന് പോലീസുകാർ ചികിത്സയിലാവുകയും ചെയ്ത സംഭവത്തെപ്പറ്റിയുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത സംഭവം അന്വേഷിച്ചത് ഏത് ഏജൻസിയാണ് ;

(സി) അന്വേഷണച്ചുമതലയുള്ള ഉദ്യോഗസ്ഥൻ ആരായിരുന്നു ;

(ഡി) പ്രസ്തുത സംഭവത്തെക്കുറിച്ച് കോടതിയിൽ ചാർജ്ഷീറ്റ് നൽകിയിട്ടുണ്ടോ ; എങ്കിൽ ഏത് കോടതിയിലാണ് ;

(ഇ) ഈ ദുരന്തം എങ്ങനെ ഉണ്ടായെന്നാണ് അന്വേഷണത്തിൽ വെളിവായത് ;

(എഫ്) ഈ സംഭവവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(ജി) മദ്യം കഴിച്ച പോലീസുകാർ ഡ്യൂട്ടിയിലുണ്ടായിരുന്നുവോ ; ഡ്യൂട്ടിയിലായിരുന്ന പോലീസുകാർ എവിടെ നിന്നാണ് മദ്യം കഴിച്ചതെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കേസന്വേഷണം പൂർത്തിയാക്കി ഫൈനൽ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly